# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4710     26/10/2016 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രികളിലെ പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ. എം. ആരിഫ്**<br>**" എം. മുകേഷ്**<br>**" കെ. വി. അബ്ദുൾ ഖാദർ**<br>**" കെ. ജെ. മാക്സി** | | **ശ്രീ. ടി. പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിൽ നിലവിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇ.എസ്.ഐ ആശുപത്രികളും ഡിസ്പെൻസറികളും മെച്ചപ്പെടുത്തു -ന്നതിന് എന്തെല്ലാം നടപടി-കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും മോണിട്ടറിംഗിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി ചെയർമാനായ ഒരു സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെയും അതിന്റെ അനുബന്ധമായി വരുന്ന ഡിസ്പെൻസറികളുടെയും വികസനത്തിനായി ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>ഇ.എസ്.ഐ കോർപ്പറേഷൻ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 9 ഇ.എസ്.ഐ ആശുപത്രികളുടെയും 48 ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഗവൺമെന്റ് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ചാണ് അംഗീകരിക്കുന്നത്. |
| സി) | ഇ.എസ്.ഐ.കോർപ്പറേഷൻ റഫറൽ ആശുപത്രികളായി അംഗീകരിച്ച സ്വകാര്യ | സി) | ചില സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആശുപത്രികൾക്ക് നൽകേണ്ടതായ പണം നൽകാത്തതിനാൽ അത്തരം ആശുപത്രികൾ ചികിത്സ നിഷേധിക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | | |
| ഡി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ